<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3982</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ലഹരി വർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ ഗുരുവായൂർ മണ്ഡലത്തിൽ ലഹരി വർജ്ജന പ്രവർത്തനവുമായി ബന്ധപ്പെട്ട് തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷനുകളിൽ നാർക്കോട്ടിക് സെല്ലുകൾക്ക് രൂപം നൽകുകയും മയക്ക് മരുന്നിനെതിരെ വ്യാപകമായ റെയ്ഡുകൾ സംഘടിപ്പിച്ചു വരുകയും ചെയ്തിട്ടുള്ളതാണ്. മയക്കു മരുന്നുകളുടെ നിയന്ത്രണത്തിനായി പോലീസ് നടപടികൾക്കൊപ്പം ജനകീയ നിരീക്ഷണവും ബോധവൽക്കരണവും കാര്യക്ഷമമാക്കുന്നതിനായി ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തമാക്കിയും, സ്കൂൾ വിദ്യാർത്ഥികളും യുവാക്കളും ലഹരി മരുന്നിന് അടിമപ്പെടുന്നത് തടയുന്നതിനായി തീരപ്രദേശത്തെ സ്കൂളുകളിൽ എസ്.പി.ജി മുഖേന ലഹരി-മയക്കു മരുന്ന് വസ്തുക്കൾക്കെതിരായ ബോധവതൽൽക്കരണങ്ങൾ നടത്തിയും ലഹരി ഉപയോഗം കൂടുതലായി കാണപ്പെടുന്ന തീരപ്രദേശത്തെ സ്കൂൾ പരിസരങ്ങളിലുള്ള കടകളിൽ ലഹരി-മയക്കു മരുന്ന് വസ്തുക്കളുടെ പരിശോധന കർശനമാക്കിയും സ്ഥിരം പട്രോളിംഗ് നടത്തിയും ലഹരി-മയക്കു മരുന്ന് വസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിനും മറ്റുമുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശങ്ങളിൽ കടലോര ജാഗ്രതാ സമിതിയുമായി സഹകരിച്ച് ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ജില്ലാ ഡാൻസാഫ് ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരെയും ലഹരിമരുന്ന് ഉപയോഗിക്കുന്നവരെയും പിടികൂടി ഇവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണീറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; തീരപ്രദേശങ്ങളിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ഗുരുവായൂർ മണ്ഡലത്തിലെ എസ്.കെ.എച്ച്.എസ്.എസ് ഗുരുവായൂർ എം.ആർ.ആർ.എം.എച്ച്.എസ് ചാവക്കാട്, ജി.വി.എച്ച്.എസ്.എസ് കടപ്പുറം, ചാവക്കാട്,എസ്.എസ്.എം.വി.എച്ച്.എസ് ഇടക്കഴിയൂർ എൻ.എച്ച്.എസ്.എസ്, എങ്ങടിയൂർ എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ആരംഭിച്ചിട്ടുണ്ട്. തീരപ്രദേശങ്ങളിലെ സ്കൂളുകളിൽ പ്രത്യേക പ്രാമുഖ്യം നൽകി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടേയും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുടേയും മക്കൾ പഠിക്കുന്ന തീരദേശ സ്കൂളുകളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളികളുടെയും മറ്റ് സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വർജ്ജിത പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മയക്കുമരുന്നുൽപ്പനങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനായി സമയബന്ധിതമായി കർമ്മ പരിപാടികൾ അസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതാണ്. ഗുരുവായൂർ മണ്ഡലത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപികരിച്ച് ഊർജ്ജിതമായി ലഹരി വർജ്ജിത പ്രവർത്തനങ്ങൾക്കും ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വികരിച്ചിട്ടുണ്ട്. തീരപ്രദേശത്ത് ലഹരിവിരുദ്ധനടപടികൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വിൽപ്പനയ്ക്കായി മയക്കമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ PITNDPS, NDPS ആക്ടുകൾ പ്രകാരം കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ